ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
**14-08-2026**

**No.TRY/3955/2026-F4(399940)**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-ട്രഷറി സേവിങ്ങ്സ് ബാങ്ക്-**"ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി-2026"**- വിജയകരമായി നടപ്പിലാക്കുന്നത്- നിർദ്ദേശം- സംബന്ധിച്ച്.

സൂചന:
1. **GO(P)No.89/2026/Fin dated 10/08/2026**
2. ട്രഷറി ഡയറക്ടറുടെ **21/03/2018**-ലെ **ഇ1/23463/2017** നമ്പർ കത്ത്.
3. **GO(MS)No.3/2011/Fin dated 03/01/2011**
4. ട്രഷറി ഡയറക്ടറുടെ **07/06/2018**-ലെ **30/2018** നമ്പർ സർക്കുലർ

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. **"ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി-2026"**-ന്റെ ഭാഗമായി **15/08/2026 മുതൽ 30/09/2026 വരെ** ട്രഷറികളിൽ ആരംഭിക്കുന്ന പുതിയ സ്ഥിരനിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് ഏർപ്പെടുത്തി സൂചന (1) പ്രകാരം സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ള പ്രത്യേക പലിശ നിരക്കുകൾ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| വിഭാഗം | കാലയളവ് | പ്രത്യേക നിരക്ക് |
|---|---|---|
| പൊതുജനങ്ങൾ (മുതിർന്ന പൗരൻമാർ ഒഴികെ) | രണ്ട് വർഷം മുതൽ മുകളിലേക്ക് 10 വർഷം വരെ | **7.75 %** |
| പൊതുജനങ്ങൾ (മുതിർന്ന പൗരൻമാർക്ക്) | രണ്ട് വർഷം മുതൽ മുകളിലേക്ക് 10 വർഷം വരെ | **8.00 %** |
| സ്ഥാപനങ്ങൾ നടത്തുന്ന നിക്ഷേപങ്ങൾക്ക് | രണ്ട് വർഷം മുതൽ മുകളിലേക്ക് 10 വർഷം വരെ | **7.65 %** |

**15/08/2026** മുതൽ **30/09/2026** വരെയുള്ള കാലയളവിൽ പരമാവധി നിക്ഷേപങ്ങൾ ഇടപാടുകാരിൽ നിന്നും സ്വീകരിക്കുന്നതിനും **"ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി-2026"** വിജയകരമായി പൂർത്തീകരിക്കുന്നതിനും എല്ലാ ട്രഷറി ജീവനക്കാരും ചുവടെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ട്രഷറികളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.
2. **15/08/2026 മുതൽ 30/09/2026** വരെയുള്ള കാലയളവിൽ ആരംഭിക്കുന്ന പുതിയ സ്ഥിര നിക്ഷേപങ്ങൾക്ക് മാത്രമേ ഉയർന്ന നിരക്കിലുള്ള പലിശ നിരക്ക് ബാധകമാകുകയുള്ളൂ.
3. നിലവിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ പുതുക്കലുകൾക്ക് (renewal) **'ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി 2026**-ന്റെ ഭാഗമായ ഉയർന്ന പലിശ നിരക്ക് ബാധകമായിരിക്കില്ല. നിക്ഷേപകരെ ആയത്

ബോധ്യപ്പെടുത്തി പരാതിരഹിതമായി ഇടപാടുകൾ പൂർത്തിയാക്കേണ്ടതാണ്.

4. **"ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി-2026"**-ന്റെ ഭാഗമായ ഉയർന്ന പലിശ നിരക്ക് പ്രദർശിപ്പിക്കുന്ന ബാനർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിൽ ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് ആകർഷകമായ രീതിയിൽ തയ്യാറാക്കി **(4ft. length X 3ft. width)** എല്ലാ ട്രഷറികളിലും പ്രദർശിപ്പിക്കേണ്ടതാണ്.
5. മുതിർന്ന പൗരൻമാരെ ഉൾപ്പെടുത്തി ജോയിന്റ് അക്കൗണ്ടുകളായി ആരംഭിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് സൂചന **(3)** പ്രകാരമുള്ള നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്.
6. **ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി 2026**"-ന്റെ ഭാഗമായുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് മുതിർന്ന പൗരൻമാരായി കണക്കാക്കുന്ന പ്രായപരിധി **"55"** വയസ്സ് ആയിരിക്കും.
7. **ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി-2026"**-ന്റെ ഭാഗമായി സ്ഥാപനങ്ങൾ **(Institutions)** ആരംഭിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ **SDSA** ആയി തുടങ്ങേണ്ടതാണ്. **CoreTSB**-യിൽ ഉത്തരവ് നമ്പരായി **(Order Number)** സൂചന **(1)** പ്രകാരമുള്ള സർക്കാർ ഉത്തരവ് തന്നെ ഇതിനായി സെലക്റ്റ് ചെയ്യേണ്ടതാണ്.

***'ഊർജ്ജിത ട്രഷറി നിക്ഷേപ സമാഹരണ പദ്ധതി 2026***-ന്റെ ഭാഗമായ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

Digitally signed by
SAJAN V
Date: 14-08-2026
16:41:54

**V SAJAN**

**DIRECTOR**

ഉള്ളടക്കം

1. സൂചനകളുടെ പകർപ്പുകൾ
2. ബാനറിന്റെ മാതൃക

പകർപ്പ്

1. ജോയിന്റ് ഡയറക്ടർ-I&II, അസിസ്റ്റന്റ് ഡയറക്ടർ
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ ലെയിസൺ ഓഫീസർമാർക്കും- ട്രഷറി ഡയറക്ടറേറ്റ്